**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 231** **27-06-2022 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ തൊഴിൽദാന പദ്ധതിയിലൂടെയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കോഴിക്കോട് എത്ര പേർക്ക് നിയമനം നൽകുവാനുണ്ട്; | (എ) | 21 പേർക്ക് നിയമനം നൽകാനുണ്ട്. |
| (ബി) | എന്ന് മുതലുള്ള അപേക്ഷകർക്കാണ് നിയമനം നൽകാനുള്ളത്; | (ബി) | 03/06/2014 മുതലുള്ള അപേക്ഷകർക്ക് നിയമനം നൽകാനുണ്ട്. |
| (സി) | നിയമനത്തിനു കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | OA(EKM).280/2019 നമ്പർ കേസുമായി ബന്ധപ്പെട്ട MA(EKM).898/2019, OA No.2141/2018 നമ്പർ കേസ് എന്നിവയിലെ യഥാക്രമം 27/05/2019 ലെയും 01/07/2019 ലെയും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ ഒരു വർഷം 5% ഒഴിവുകൾ മാത്രം ആശ്രിത നിയമനം നൽകുന്നതിനായി പരിമിതപ്പെടുത്തി സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ആശ്രിത നിയമനത്തിനുള്ള അപേക്ഷ തീയതി അടിസ്ഥാനമാക്കിയുള്ള ഉദ്യോഗാർത്ഥികളുടെ മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിലാണ് നിയമനം നൽകി വരുന്നത്. നിലവിൽ ക്ലാർക്ക് തസ്തികയിൽ 254 പേർക്ക് ആശ്രിത നിയമന പ്രകാരം നിയമനം നൽകാൻ ബാക്കി നിൽക്കുന്നുണ്ട്. ഒഴിവുകൾ വരുന്ന മുറയ്ക്ക് ആശ്രിത നിയമനം യഥാവിധി നൽകി വരുന്നു.<br><br>സർക്കാർ ഉത്തരവ് നമ്പർ (പി).12/2021/ഉ.ഭ.പ.വ. തീയതി 07/06/2021 പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി മുഖേന സർക്കാരിൽ നിന്നും ആശ്രിത നിയമനത്തിനുള്ള നിയമനാനുമതി ലഭിച്ചിട്ടും നാല് വർഷം കഴിഞ്ഞ ശേഷവും നിയമന ഉത്തരവ് ലഭിക്കാത്തവർക്ക് അർഹമായ സാങ്കേതിക തസ്തികളിൽ ഉൾപ്പെടെ നിയമനം ലഭിക്കുന്നതിന് തസ്തികമാറ്റ അപേക്ഷ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് നിയമനം നൽകി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ